LIBRARY ARCHIVES Kerala Legislative Assembly

കേരള ലോകായുക്തയിലെ നിയമനങ്ങൾക്ക് അംഗീകാരം

77 [1593] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകായുക്തയിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് സർക്കാർ ഇനിയും അംഗീകാരം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സെക്ഷനാഫീസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണ മെന്ത്?

(സി) പ്രസ്തുത തസ്തികയിലെ നിയമനകാര്യത്തിൽ നിലവിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് സർക്കാർ അംഗീകാരം നൽകുന്ന കാര്യത്തിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 മാർച്ച് 30-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 34/99/വി.ജി. പ്രകാരം ലോകായുക്തയിലെ രജിസ്ട്രാർ മുതൽ ടൈപ്പിസ്റ്റ് വരെയുള്ള 11 തസ്തികകളി ലേക്കുള്ള നിയമനങ്ങൾ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നികത്തേണ്ടത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ലാത്തതിനാൽ അഡീഷണൽ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലേക്കുള്ള ലോകായുക്ത രജിസ്ട്രാർ നൽകിയ താൽക്കാലിക പ്രൊമോഷൻ സർക്കാർ അംഗീകരിച്ചി ട്ടില്ല. സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, ഉപലോകായുക്തയുടെ പ്രൈവറ്റ് സെക്രട്ടറി എന്നീ തസ്തികകളിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ലോകായുക്ത രജിസ്ട്രാറുടെ നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

(ബി) സെക്ഷൻ ഓഫീസർ തസ്തികയിലേക്കുള്ള ഡെപ്യൂട്ടേഷൻ നിയമന നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

78 [1594] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയോ ഹൈക്കോടതി ബഞ്ചോ ഇല്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാന തലസ്ഥാനമാണ് തിരുവനന്തപുരം എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;